ESTD. 1854

For Private Circulation

Volume 14 Issue 7

SEPTEMBER 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in



# ക്വയർ ഞായർ 2022

**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സം നിന്റെ മേൽ ഉദിച്ചിരിക്കുന്നു."**

**യെശയ്യാവ് 60:1**

ക്രിസ്തുവിൽ ഏറ്റവും സ്നേഹം നിറഞ്ഞ ദൈവജനമേ, ക്രിസ്തു യേശുവിൻ ധന്യ നാമത്തിൽ എല്ലാവർക്കും സ്നേഹ വന്ദനം രേഖപ്പെടുത്തുന്നു.

എന്തുകൊണ്ട് കൊടുക്കണം? എങ്ങനെ കൊടുക്കുവാൻ കഴിയും? എന്നൊക്കെ കഴിഞ്ഞ രണ്ട് ലക്കങ്ങളിലായി നാം ചിന്തിച്ചുവല്ലോ?. ക്രിസ്തീയ സഭകൾ ഇന്ന് സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കുന്നതാണ്. ഒരു സർക്കാർ സംവിധാനത്തിലൂടെ നിയമങ്ങൾക്ക് വിധേയപ്പെട്ടു ജീവിക്കുവാൻ സഭ ബാധ്യസ്ഥമാണ്. ഇത്തരം സാഹചര്യത്തിൽ സഭയുടെ വരവ് ചെലവുകൾ എങ്ങനെയാണ് നിർവഹിക്കപ്പെടുന്നത് എന്നു നാം മനസ്സിലാക്കുന്നത് നല്ലതു തന്നെ.

സി.എസ്.ഐ സഭയുടെ ചട്ടക്കൂട്ടിൽ പ്രായപൂർത്തിയായ പ്രത്യേകിച്ച് കുടുംബസ്ഥരും വരുമാനം ഉള്ളവരുമായ എല്ലാവരും ഏറ്റവും ചുരുങ്ങിയ മാസവരി സംഖ്യ എങ്കിലും അടയ്ക്കുന്ന രീതിയാണ് കൊച്ചിൻ മഹായിടവക അനുവർത്തിച്ച് വരുന്നത്. വരുമാനത്തിന്റെ, ചുരുങ്ങിയത് രണ്ട് ശതമാനം മാസവരി സംഖ്യയായി നൽകുന്നതിനാണ് കൊച്ചിൻ മഹായിടവക ഭരണഘടന ആഹ്വാനം ചെയ്യുന്നത്. കുറച്ച് ആളുകൾ എങ്കിലും മിനിമം എന്നത് നോക്കാതെ ഉയർന്ന നിരക്കിൽ മാസവരി നൽകി വരുന്നത് സന്തോഷകരം തന്നെയാണ്. എന്നാൽ മാസവരി വരുമാനം കൊണ്ടുമാത്രം ഒരു ഇടവകയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുകയില്ല എന്നതാണ് യാഥാർത്ഥ്യം. പൊതു സ്തോത്ര വഴിപാട്, പ്രത്യേക സ്തോത്ര സമർപ്പണങ്ങൾ,ദശാംശദാനങ്ങൾ ,സംഭാവനകൾ എന്നിവയൊക്കെ ഉപയോഗിച്ചാണ് നമ്മുടെ സഭയെന്ന സംവിധാനം മുന്നോട്ട് പോകുന്നത്.

സഭയുടെ വരുമാനങ്ങൾ എപ്രകാരമാണ് ചെലവ് ചെയ്യപ്പെടുന്നത് എന്ന് ചിന്തിച്ചിട്ടില്ലാത്ത അല്ലെങ്കിൽ വേണ്ട വിധം മനസ്സിലാക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അത് മനസ്സിലാക്കാൻ ശ്രമിക്കാം. കൊച്ചിൻ മഹായിടവക സംവിധാനത്തിൽ സ്നാനം സ്വീകരിച്ച ഇരുന്നൂറിൽ കുറയാത്ത അംഗങ്ങൾ ഉള്ള സഭയെ ഇടവകയായി കണക്കാ

| The Rev. Shibumon C K | Eva. K. J. Johnson | Mr. Abraham Lincoln | Mr. Saji Joseph |
|---|---|---|---|
| Vicar & Chairman | Church Worker | Hon. Secretary | Hon. Treasurer |
| Mob: 9744077022 | Mob: 9847804326 | Mob: 9847099899 | Mob: 7592026272 |

ക്കുന്നു. ഓരോ ഇടവകയ്ക്കും തെരഞ്ഞെടുക്കപ്പെട്ട ഒരു ഇടവക കമ്മറ്റി ഉണ്ടായിരിക്കും. ഈ കമ്മറ്റിയാണ് ഇടവകയുടെ വരവ് ചെലവുകൾ നോക്കി കൈകാര്യം ചെയ്യുന്നത്. '' ഞങ്ങൾ നടത്തിവരുന്ന ഈ ധർമ്മശേഖര കാര്യത്തിൽ ആരും ഞങ്ങളെ അപവാദം പറയാതിരിപ്പാൻ സൂക്ഷിച്ചുകൊണ്ട് ഞങ്ങൾ കർത്താവിന്റെ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായത് മുൻ കരുതുന്നു.'' 2 കൊരിന്ത്യർ 8:20. ഓരോ ഇടവക കമ്മറ്റി അംഗങ്ങളും പൗലോസ് അപ്പോസ്തലന്റെ വാക്കുകളെ തണലാ ക്കിയായിരിക്കും പ്രവർത്തിക്കുന്നത് അങ്ങനെ തന്നെയാണ് വേണ്ടതും.

ഇടവക സംവിധാനത്തിൽ ചെലവുകൾ ഏതെല്ലാം വിധത്തിൽ എന്ന് മനസ്സിലാക്കാം. മഹാ ഇടവകയുടെ ഓരോ ഇടവകയിലെയും അവിടുത്തെ ആളുകളുടെ എണ്ണവും സാഹചര്യങ്ങളും നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് ഓരോ സാമ്പത്തിക വർഷത്തേക്കും നിശ്ചിത ടാർജറ്റ് തുക നിശ്ചയിക്കുന്നു. ഈ ടാർജറ്റ് അതാത് സാമ്പത്തിക വർഷം തന്നെ ഇടവകകൾ മഹായിടവകയിൽ അടയ്ക്കേണ്ടതുണ്ട്. ഇങ്ങനെ ഓരോ പള്ളികളും അടയ്ക്കുന്ന തുകകളാണ് മഹായിടവകയുടെ പ്രധാന വരവ്. ഈ തുക ഉപയോഗിച്ചാണ് സഭാ പ്രവർത്തകരുടെ ശമ്പളം, ഓഫീസ് പ്രവർത്തനങ്ങൾ, പള്ളികളുടെയും പാഴ്സനേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നത്. മാസവരി സംഖ്യകൾ,പൊതു സ്തോത്ര വഴിപാട്,ജന്മദിന സ്തോത്ര വഴിപാട്, പ്രത്യേക സ്തോത്ര വഴിപാടുകൾ,ഫീസുകൾ എന്നിവയുടെ 60% തുകയാണ് മഹായിടവകയുടെ ടാർജറ്റ് അടയ്ക്കുവാൻ വിനിയോഗിക്കുന്നത്. കൂടാതെ വസ്തുവിൽ നിന്ന് ലഭിക്കുന്ന തുകയുടെ 60% ശതമാനവും വസ്തുവക വരവ് ഇനത്തിൽ മഹായിടവകയിൽ അടയ്ക്കേണ്ടതുണ്ട്. വസ്തു ഇനത്തിലുള്ള ചെലവിന്റെ 60% മഹായിടവക ഓരോ ഇടവകകൾക്കും തിരിച്ച് നൽകുന്നതും ആണ്. കൂടാതെ ടാർജറ്റ് തുകയുടെ 5% എന്ന നിരക്കിൽ എല്ലാവർഷവും സഭാ പ്രവർത്തകരുടെ വിരമിക്കൽ ഫണ്ടിലേക്ക് നൽകേണ്ടതുണ്ട്. ബാക്കി വരുന്ന 40% ഉപയോഗിച്ചാണ് ഇടവകയുടെ ചെലവുകൾ സന്ധിക്കേണ്ടത്.ശുശ്രൂഷകരുടെ അടിസ്ഥാന ശമ്പളത്തിന്റെ 30% എല്ലാ മാസവും അതാത് ഇടവകയിലെ ശുശ്രൂഷകർക്ക് ലോക്കൽ അലവൻസായി ഇടവകകൾ നൽകേണ്ടതുണ്ട്. അതുപോലെതന്നെ മാനേജ്മെന്റ് വിഹിതമായി പെൻഷൻ ഫണ്ട്,പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ എല്ലാ മാസവും അതാത് ഇടവകകൾ ശുശ്രൂഷകരുടെ അടിസ്ഥാന ശമ്പളത്തിന്റെ 20% മഹായിടവകയിലേക്ക് അടയ്ക്കേണ്ടതുണ്ട്. കപ്യാർ / മറ്റ് ജോലിക്കാരുടെ ശമ്പളം, വൈദ്യുതി, വെള്ളം, കെട്ടിട നികുതി, പള്ളിയുടെയും പാർസനേജിന്റെയും റിപ്പയർ വർക്കുകൾ,

സെമിത്തേരി പരിപാലനം തുടങ്ങിയവ എല്ലാം അതാത് ഇടവകകളാണ് പൂർണ്ണമായും നിറവേറ്റേണ്ടത്. ഇടവകയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ട തുകകൾ കണ്ടെത്തുന്നത് ഈ 40 ശതമാനം വരുമാനത്തിൽ നിന്നാണ് , ഇത് അല്പം പ്രയാസമുള്ള കാര്യമാണ് എന്നതിൽ തർക്കം ഇല്ലല്ലോ? ഇടവക ജനങ്ങൾ നൽകുന്ന പ്രത്യേക സംഭാവനകൾ, ദശാംശ സ്തോത്രം സമർപ്പണങ്ങൾ എന്നിവയെല്ലാം ഉപയോഗിച്ചാണ് സഭകൾ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കൂടാതെ ഓരോ ഇടവകകളും സാധു സഹായ പ്രവർത്തനങ്ങളും നിർവഹിക്കുന്നത് എല്ലാവരും അറിയുന്ന കാര്യങ്ങളാണല്ലോ? ഇതും അതാത് ഇടവകകളാണ് നിർവ്വഹിക്കേണ്ടത്.

ഏതൊക്കെ ചെലവുകളാണ് ഓരോ ഇടവകകളും നിർവഹിക്കേണ്ടത് എന്ന് ഏകദേശം ധാരണ ലഭിച്ചു എന്ന് കരുതുന്നു. കാലാകാലങ്ങളിൽ ഇടവകകളുടെ ആവശ്യങ്ങൾ അറിഞ്ഞ് അതാത് ഇടവക അംഗങ്ങൾ നിർലോഭം കൊടുക്കുന്നതുകൊണ്ടാണ് സഭയുടെ സംവിധാനങ്ങൾ മുന്നോട്ട് പോകുന്നത്. ഇപ്രകാരം ഇടവക സംവിധാനത്തെ കൈത്താങ്ങുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. മനസ്സോടെ, സന്തോഷത്തോടെ കൊടുക്കുവാൻ ഏവർക്കും വരും കാലങ്ങളിലും സർവ്വശക്തൻ സഹായിക്കട്ടെ; ആർക്കും അപവാദം പറയുവാൻ പോലും അവസരം നൽകാതെ ഇടവകകളുടെ വരുമാനം നന്നായി വിനിയോഗിക്കുവാൻ എല്ലാ ചുമതലപ്പെട്ടവർക്കും സാധിക്കട്ടെ.

പ്രാർത്ഥനയോടെ ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ

**റവ. ഷിബുമോൻ സി. കെ.**

# Birthday in SEPTEMBER

| Date | Name |
|---|---|
| 01-09-2022 | ജുവാൻ ലിജോ, കുന്നത്ത് |
| 01-09-2022 | റെയ്ഹാൻ എൻ. പോൾ, എഴുത്തുപുരയ്ക്കൽ |
| 01-09-2022 | ആഷ്‌ലി സൂസൻ ജോസഫ്, ഉന്നത്തുംപ്ലാക്കൽ |
| 01-09-2022 | സുനിൽ ആൻഡ്രൂസ്, എഴുത്തുപുരയ്ക്കൽ |
| 02-09-2022 | റേച്ചൽ സജി മോളിപ്പറമ്പിൽ |
| 02-09-2022 | വിനോദ് മസി, കാഞ്ഞിരങ്ങാട്ട് |
| 02-09-2022 | തബിത പുളിയംപറമ്പിൽ |
| 02-09-2022 | ഷൈനി ജിതിൻ, പള്ളിപ്പറമ്പിൽ |
| 04-09-2022 | മെൽവിൻ മാത്തൻ, എഴുത്തുപുരയ്ക്കൽ |
| 04-09-2022 | ലിജോ ജോയ്, ചീരൻ |



ജന്മദിനാശംസകൾ...

| | |
|---|---|
| 05-09-2022 | വിക്കി സുനിൽ, എഴുത്തുപുരയ്ക്കൽ |
| 06-09-2022 | ജാനറ്റ് ജെയ്സൺ ചുങ്കത്ത് |
| 07-09-2022 | അനഘ ജോയ്, പയ്യൂർ |
| 08-09-2022 | അലീന ബിജു, ചോഴിയാറ്റിൽ |
| 08-09-2022 | ഷീജ വിജയകുമാർ, നെല്ലിത്തറ |
| 09-09-2022 | തോമസ് ജോസഫ്, പുത്തൻവീട്ടിൽ |
| 09-09-2022 | ഷൈനി ജിതിൻ പള്ളിപ്പറമ്പിൽ |
| 09-09-2022 | അഷിത സുബിൻസൺ അന്തിക്കാടൻ |
| 13-09-2022 | മറിയം ജോൺ, ആത്തപ്പള്ളി |
| 14-09-2022 | ജസ്റ്റിൻ ജെയ്സൺ, ചെറുകാക്കശ്ശേരി |
| 14-09-2022 | സുധി ജോർജ്ജ്, കുന്നുമ്മൽ കിനാലൂർ |
| 15-09-2022 | ജോൾബി ജെയ്മി, ചുങ്കത്ത് |
| 16-09-2022 | ജിതിൻ ആന്റണി ജോയ്, കാച്ചപ്പള്ളി |
| 16-09-2022 | ജോസഫ് കോയപ്പ |
| 17-09-2022 | സ്നിഹ ഷിജോ, കിളിയനാട്ട്പറമ്പിൽ |
| 17-09-2022 | ജിതിൻ ആന്റണി, പള്ളിപറമ്പിൽ |
| 18-09-2022 | സുശീല പി.പി, വടക്കൂട്ട് |
| 18-09-2022 | ജോക്കിൻ ജോസഫ്, ചോഴിയാറ്റിൽ |
| 19-09-2022 | ലില്ലി തോമസ്, കാക്കശ്ശേരി |
| 20-09-2022 | ഏണസ്റ്റ് റിച്ചാർഡ്, മാവീട്ടിൽ |
| 20-09-2022 | അലിൻ സോഫിയ വില്യംസ്, അന്തിക്കാട് |
| 20-09-2022 | ജോൺസൺ കെ.ജെ., കിളിയനാട്ടുപറമ്പിൽ |
| 20-09-2022 | ആൻമെറിയ അനിൽ, മുല്ലത്തറ |
| 20-09-2022 | റെനി ഡേവിഡ് പോൾ, എഴുത്തുപുരയ്ക്കൽ |
| 22-09-2022 | ബിജോൺ വർഗ്ഗീസ്, ഇരവിമംഗലം |
| 22-09-2022 | ടിനു റ്റോംസ് പോൾ, ചോഴിയാറ്റിൽ |
| 22-09-2022 | ആൻജിറ്റ് സൈമൻ, തലക്കോട്ടുകര |
| 23-09-2022 | സജി ജോൺ, മൂളിപ്പറമ്പിൽ |
| 23-09-2022 | റജി ജോൺ, മൂളിപ്പറമ്പിൽ |
| 23-09-2022 | ജോപോൾ ജോർജ്ജ്, പള്ളിപ്പറമ്പിൽ |
| 23-09-2022 | ജഡ്സൺ, വലിയപറമ്പിൽ |
| 24-09-2022 | നടാഷ സെഖര്യ, അദിയുന്തൻ |
| 24-09-2022 | ഹെബ വിബിൻ, കൂത്തൂർ |
| 26-09-2022 | ബെൻസിയ ഷിജു, പുലിക്കോട്ടിൽ |
| 27-09-2022 | ആൻമരിയ സിബിൻ, കളത്തിൽ |
| 28-09-2022 | ജിന്റോ അനിൽകുമാർ, നെല്ലിത്തറ |
| 28-09-2022 | ആഷ്ലിൻ മരിയ സൈസൻ, തലക്കോട്ടുകര |

# *Wedding Anniversary in SEPTEMBER*

01.09.2022 Mr. സൈമൺ വർഗ്ഗീസ് & Mrs. ജിജി, തലക്കോട്ടുകര
03.09.2022 Mr. മാത്യൂ. സി.ജെ. & Mrs. അനു നെൽസൺ, ചാലക്കുഴിയിൽ
04.09.2022 Mr. സാജൻ ആൻഡ്രൂസ് & Mrs. സരിത, എഴുത്തുപുരയ്ക്കൽ
06.09.2022 Mr. ബാബു പോൾ & Mrs. ജോളി, എഴുത്തുപുരയ്ക്കൽ
11.09.2022 Mr. വിബിൻ വിൽസൺ & Mrs. ജീനി വിബിൻ, കൂത്തൂർ
11.09.2022 Mr. ജോസഫ് ഐസക് & Mrs. വിജി ജോസഫ്, ഉന്നത്തുംപ്ലാക്കൽ
11.09.2022 Mr. സിംസൺ & Mrs. നീന, തലക്കോട്ടുകര
12.09.2022 Mr. ജോബ് ക്രിസ്റ്റി & Mrs. റൂബി, പള്ളിപറമ്പിൽ
13.09.2022 Mr. സൈസൺ വർഗ്ഗീസ് & Mrs. ജിബി സൈസൺ, തലക്കോട്ടുകര
14.09.2022 Mr. ജോക്കിൻ ജോസഫ് & Mrs. ഉണ്ണി മേരി, ചോഴിയാറ്റിൽ
18.09.2022 Mr. ബിനോയ് പോൾ & Mrs. നിഷ ആൻ ജേക്കബ്, മുളങ്ങാട്ടിൽ
25.09.2022 Mr. ഐപ്പ് പാപ്പച്ചൻ & Mrs. തങ്കമ്മ, പാറയ്ക്കൽ
26.09.2022 Mr. ജിതിൻ ജോൺസൺ & Mrs. ഷൈനി, പള്ളിപ്പറമ്പിൽ

*വിവാഹ വാർഷിക മംഗളങ്ങൾ...*

## വാർത്തകളും കുറിപ്പുകളും

### കപ്യാർ വസതി

ഇടവക കപ്യാർ താമിസിച്ചുവന്നിരുന്ന വസതി പുനഃരുദ്ധാരണം നടത്തുവാൻ കഴിഞ്ഞു. മുൻ കപ്യാർക്ക് യാത്രയയപ്പ് നൽകുന്നതിനായി ഇടവക അംഗങ്ങൾ നൽകിയ തുകയും, വീട്ടുപ്രാർത്ഥനകളിൽ നിന്ന് സ്തോത്രകാഴ്ചയായി ലഭിച്ച തുകയും പ്രത്യേക സംഭാവനകളും ടി ആവശ്യത്തിന് വിനിയോഗിച്ചു. പ്രാർത്ഥിച്ചും, പ്രവർത്തിച്ചും, സാമ്പത്തികമായും, വസ്തുക്കളായും സംഭാവനകൾ നൽകിയ എല്ലാവരേയും ദൈവം തമ്പുരാൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### ഏരിയ യുവജന ധ്യാനയോഗം

കൊച്ചിൻ മഹായിടവക തൃശ്ശൂർ പ്രാദേശിക യുവജന സഖ്യത്തിന്റെ ഏകദിന ധ്യാനയോഗം 13.08.2022 ന് നമ്മുടെ ദൈവാലയത്തിൽ വെച്ചു നടന്നു. സാമ്പത്തിക സഹായങ്ങൾ നൽകിയും, വന്ന് സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. വചന ശുശ്രൂഷ നിർവ്വഹിച്ചത് കൊടുങ്ങല്ലൂർ സഭാ പ്രവർത്തകനായ റവ. ഡീക്കൻ (Deacon) വി.എം. വിൽസൻ അച്ചൻ ആയിരുന്നു. ആറങ്ങോട്ടുകര വയലി നാട്ടുകൂട്ടത്തിന്റെ കുരുത്തോല കൈവേല എല്ലാവർക്കും പുതിയ അനുഭവം നൽകി.

## പ്രത്യേക ഞായർ ആചരണം

**1. സ്ത്രീജന സഖ്യ ഞായർ** : 11.09.2022 ന് സ്ത്രീജന സഖ്യ അംഗങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റ് തലത്തിൽ ആരാധന ക്രമീകരിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും സഹകരിക്കുക.

**2. അൽമായ ഞായർ** : 18.09.2022 ന് അൽമായ ഞായർ ആയി ആചരിക്കുന്നു. ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു.

**3. വയോജന ഞായർ** : 25.09.2022 ന് വയോജന ഞായർ ആയി ആചരിക്കുന്നു. അന്നേദിവസം ഇടവകയിലെ മുതിർന്ന അംഗങ്ങളെ ദൈവാലയത്തിൽ ആരാധനയ്ക്കായി കൊണ്ടുവരുവാൻ സഹകരിക്കുക. അന്നേദിവസം തിരുവത്തായ ശുശ്രൂഷ ക്രമീകരിക്കുന്നതാണ്.

## പ്യൂൺ / കപ്യാർ

ഇടവക ദൈവാലയം ശുചിയായി സൂക്ഷിക്കുന്നതിനും ശുശ്രൂഷകൾക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും ഷിജോ കെ.ജെ. കിളിയനാട്ടുപറമ്പിൽ, ബിൻസി ഷിജോ എന്നിവർ കുടുംബമായി തയ്യാറായി വരികയും ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനായി ഇവരെ 28.08.2022 ന് ആരാധനയിൽ സമർപ്പിച്ച് പ്രതിഷ്ഠിക്കുകയും ചെയ്തു. ഷിജോ കെ.ജെ., ബിൻസി ഷിജോ, മക്കൾ സ്നിഹ ഷിജോ, സ്നിഹൽ കെ. ഷിജോ, നിഹ ഷിജോ എന്നിവരെ ഇടവകയിലെ ശുശ്രൂഷയ്ക്കായി ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. എല്ലാവരും ടി കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കുകയും വേണ്ട കൈത്താങ്ങൽ നൽകുകയും ചെയ്യുക.

## ചരമം

1. ചിന്നമ്മ മാത്യു (75 വയസ്സ്) ചെറുകാക്കശ്ശേരി, കുറുക്കൻപാറ 11.07.2022 ന് നിത്യതയിൽ പ്രവേശിച്ചു. 12.07.2022 ന് ഇടവക ദൈവാലയ സെമിത്തേരിയിൽ മൃതദേഹം സംസ്കാരം നടത്തുകയും ചെയ്തു.

2. ശ്രീ. ബിജോൺ ഇ.വി. യുടേയും, ശ്രീമതി ലിഷ സി. ജെ. യുടേയും, ഇരവിമംഗലം, കക്കാട് മകൾ നഥാനിയ ഇ.ബി. (4 മാസം) 31.07.2022 ന് കർത്താവിൽ നിദ്രപ്രാപിക്കുകയും അന്നുതന്നെ സംസ്കാര ശുശ്രൂഷകൾ ഇടവക സെമിത്തേരിയിൽ നിർവ്വഹിക്കുകയും ചെയ്തു.

വേർപാടിന്റെ ദുഃഖം അനുഭവിക്കുന്ന പ്രിയപ്പെട്ടവരുടെ ദുഃഖത്തിൽ ഇടവക കുടുംബം പങ്കുചേരുകയും, ആശ്വാസത്തിനും സമാധാനത്തിനുമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഉച്ചകഞ്ഞി വിതരണം

ഇടവകയായി നടത്തിവരുന്ന ഉച്ചകഞ്ഞി വിതരണത്തിനായി സാമ്പത്തിക സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഇടവക പ്യൂൺ / കപ്യാർ ഫോൺ നമ്പർ**
**ഷിജോ കെ.ജെ. – 9745894982**
**ബിൻസി ഷിജോ – 9072040370**




***കപ്യാർക്കും കുടുംബത്തിനും സ്വാഗതം...***

## ഇടവക ബാങ്ക് വിവരങ്ങൾ

ബാങ്കിലേക്ക് പണമയക്കുന്നവർ പേരും, ഏതിനത്തിൽ എന്നതും വ്യക്തമായി സന്ദേശം അയക്കുന്നതോടൊപ്പം അയച്ചതിന്റെ സ്ക്രീൻ ഷോട്ടും അയയ്ക്കുവാൻ ശ്രദ്ധിക്കുക. വാട്സാപ്പ് നമ്പർ - 8296547933.

**അക്കൗണ്ട് വിവരങ്ങൾ** :

**Federal Bank, Kunnamkulam Branch**
**Name : CSITA ST. Paul's CSI church**
**A/c. No: 13420100018196 IFSC : FDRL 0001342**

## കപ്യാർ വസതി പുനരുദ്ധാരണം 2022 വരവ്

| | | |
|---|---|---|
| 1. | എബ്രഹാം ലിങ്കൺ (10000 + 5000) | 15,000.00 |
| 2. | റവ. പി.ജി. തോംസൺ (500 + 1000) | 1,500.00 |
| 3. | കെ.ജെ. ജോൺസൺ | 250.00 |
| 4. | പോൾ പ്രഭാകർ | 500.00 |
| 5. | വിനോദ് മസ്സി | 500.00 |
| 6. | യേശുദാസ് കെ.വി. | 500.00 |
| 7. | തോമസ് പോൾ വടക്കൂട്ട് (1,000 + 5000) | 6,000.00 |
| 8. | മേരി വില്ലി | 200.00 |
| 9. | ലീല പോൾ | 250.00 |
| 10. | ടോംസ് പോൾ | 500.00 |
| 11. | മെൽവിൻ | 500.00 |
| 12. | ജോസ് പി.എഫ് | 1,000.00 |
| 13. | ജെയിംസ് പി.എഫ് | 500.00 |
| 14. | സാജൻ ആൻഡ്രൂസ് | 500.00 |
| 15. | ഇട്ടൂപ്പ് രാജൻ | 500.00 |
| 16. | ജോയി ചാക്കോ | 500.00 |
| 17. | സിമിലി ജഡ്സൺ | 200.00 |
| 18. | ഡോണി കളത്തിൽ | 250.00 |
| 19. | ജോയി അയിനിക്കൽ | 200.00 |
| 20. | മറിയം ജോൺ | 1,500.00 |
| 21. | സൂസന്ന കളത്തിൽ | 500.00 |
| 22. | ജിതിൻ കാച്ചപ്പിള്ളി | 3,000.00 |
| 23. | സാറാമ്മ കെ.വി. | 5,000.00 |
| 24. | റോയ് ഇരവിമംഗലം | 2,000.00 |
| 25. | അജിത് ലൂക്ക് | 1,000.00 |
| 26. | ജെയിസൺ സി.എം. | 500.00 |
| 27. | തോമസ് ചാക്കോ | 500.00 |
| 28. | വിജയകുമാർ നെല്ലിത്തറ (ടൈൽസ്) | 4,320.00 |
| 29. | റീന തമ്പി | 500.00 |
| 30. | മറ്റ് സംഭാവനകൾ | 8,700.00 |
| | **ആകെ** | **56,870.00** |

# ജൂലൈ 2022 വരവ് - ചെലവുകൾ

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| മുൻ മിച്ചം ബാങ്ക് | - | 46,644.25 | യാത്ര ചെലവ് | - | 100.00 |
| മുൻ മിച്ചം കൈവശം | - | 765.00 | ബാങ്ക് ചെലവ് | - | 154.00 |
| വസ്തുവക വരവ് | - | 5,640.00 | പോസ്റ്റേജ് & സ്റ്റേഷനറി | - | 3,430.00 |
| പൊതു വഴിപാട് | - | 26,300.00 | വൈദ്യുതി ചാർജ്ജ് | - | 2,130.00 |
| സെമിട്രി ഫണ്ട് | - | 7,000.00 | ചർച്ച് മെയിന്റനൻസ് | - | 3,500.00 |
| ജന്മദിന വിവാഹ വാർഷിക വഴിപാട് | - | 6,000.00 | സാധുസഹായം | - | 12,000.00 |
| സ്തോത്ര വഴിപാട് | - | 500.00 | ലോക്കൽ അലവൻസ് | - | 9,435.00 |
| മാസവരി സംഖ്യ | - | 11,050.00 | സ്ത്രീജനസഖ്യം | - | 400.00 |
| ദശാംശം | - | 17,300.00 | ക്വയർ | - | 1,840.00 |
| സണ്ടേസ്കൂൾ | - | 1,670.00 | സെമിട്രി ചെലവ് | - | 11,550 |
| ഗ്രീൻ പ്രൊജക്ട് | - | 12,750.00 | ശുചീകരണം | - | 3,600.00 |
| ക്വയർ ഫണ്ട് | - | 25,690.00 | സീനിയർ പ്രെസ്ബിറ്റർ അലവൻസ് | - | 2,000.00 |
| സാധുസഹായ ഫണ്ട് | - | 1,000.00 | 60% വസ്തുവരവ് മഹായിടവകയിലേക്ക് | - | 13,890.00 |
| യൂത്ത് ഫെല്ലോഷിപ്പ് | - | 250.00 | 60% മറ്റു വരുമാനം മഹായിടവകയിലേക്ക് | - | 29,718.00 |
| ഡയോസിസിൽ നിന്ന് വസ്തു ചെലവ് | - | 11,634.00 | പി.ബി.എഫ് | - | 3,145.00 |
| | | | പെൻഷൻ | - | 3,145.00 |
| ആകെ വരവ് | - | 1,75,193.25 | ആകെ ചെലവ് | - | 1,00,037.00 |
| | | | മിച്ചം ബാങ്ക് | - | 36,226.25 |
| | | | കൈവശം | - | 38,930.00 |
| | | 1,75,193.25 | | | 1,75,193.25 |

കുന്നംകുളം
27.08.2022

വികാരി സെക്രട്ടറി ട്രഷറർ

# PROGRAMME FOR SEPTEMBER 2022

| | | | | |
|---|---|---|---|---|
| 11.09.2022<br>9.30 am | പെന്തക്കോസ്തിന് പിൻപ്<br>പതിനാലാം ഞായർ<br>സ്ത്രീ ജന സഖ്യ ഞായർ<br>സ്ത്രീകളുടെ ശുശ്രൂഷകളുടെ ഓർമ്മിക്കലും ആഘോഷിക്കലും | | ന്യായാധിപന്മാർ 4:4 – 16<br>സങ്കീർത്തനങ്ങൾ 132<br>ഫിലിപ്പിയർ 4:1 – 7<br>ലൂക്കോസ് 8:1 – 3 | സ്ത്രീജന സഖ്യ അംഗങ്ങൾ |
| 18.09.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പതിനഞ്ചാം ഞായർ<br>അക്രമ സാഹചര്യങ്ങളിൽ സമാധാനം | | 1 ശമൂവേൽ 24 : 1 – 12<br>സങ്കീർത്തനങ്ങൾ : 52<br>റോമർ 12:14 – 21<br>മത്തായി 26:47 – 56 | റിജോ തോംസൺ<br>ജോബിൻ ജോസ്<br>വിജി ജോസഫ് |
| 25.09.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പതിനാറാം ഞായർ<br>വയോജന ഞായർ:<br>മുതിർന്നവരെ കരുതുകയും അംഗീകരിക്കുകയും ചെയ്യുക | | ഉൽപത്തി46:28 – 34<br>സങ്കീർത്തനങ്ങൾ 21<br>തിമൊഥെയൊസ് 5:1 – 10<br>ലൂക്കൊസ്2:25 – 35 | തോമസ് കെ കെ<br>ജോയ് ദേവദാസ്<br>മേരി വില്ലി |
| 02.10.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പതിനേഴാം ഞായർ<br>ആൽമായ ഞായർ:<br>സർവ്വ വിശ്വാസികളുടെയും പൌരോഹിത്യം | | യെശയ്യാവ് 61:1 – 11<br>സങ്കീർത്തനങ്ങൾ 135:12 – 21<br>1 പത്രോസ് 2:1 – 10<br>യോഹന്നാൻ 17:1 – 8 | സൈമൺ വർഗീസ്<br>ഷിജോ ജോൺസൺ<br>ജോസ് കുമാർ |

**ഭവന പ്രാർത്ഥനകൾ**

10.09.2022 ശനിയാഴ്ച 6 pm മേരി വില്ലി, കുറുക്കൻപാറ

24.09.2022 ശനിയാഴ്ച 6 pm സൈമൺ വർഗീസ്, തലക്കോട്ടുകര, പട്ടിത്തടം

**സംഘടനാ യോഗങ്ങൾ**

04.09.2022 11.30 am സ്ത്രീജനസഖ്യം യൂണിറ്റ് മീറ്റിംഗ്

18.09.2022 11.30 am യുവജനസഖ്യം യൂണിറ്റ് മീറ്റിംഗ്

**ദശാംശ സമർപ്പണം**

18.09.2022 ഞായർ ആരാധനാ മദ്ധ്യേ

**ഗാനപരിശീലനം**

എല്ലാ ഞായറാഴ്ചയും 12 pm ന്

*കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ*

CSI പാഴ്സനേജ്, കുന്നംകുളം
04885 227077, 8296547933

റവ. ഷിബുമോൻ സി.കെ.
Mob: 9744077022